**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2714** **04-03-2025 - ൽ മറുപടിയ്ക്ക്**

**സത്രം ഇടത്താവളത്തിന്റെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. വാഴൂർ സോമൻ** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | ശബരിമല ഇടത്താവളമായ സത്രത്തിന്റെ സമഗ്ര വികസനത്തിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | ശബരിമല ഇടത്താവളമായ സത്രം പെരിയാർ കടുവാ സങ്കേതത്തിനോട് ചേർന്ന് സ്ഥിതി ചെയ്യുന്നതാണ് എന്നതിനാൽ മണ്ഡല-മകരവിളക്ക് തീർത്ഥാടന കാലത്ത് മാത്രമാണ് ധാരാളം തീർത്ഥാടകർ ഇവിടെ വിരിവച്ച് കടന്നു പോകുന്നത്. 2024-25 മണ്ഡല-മകരവിളക്ക് തീർത്ഥാടന കാലത്ത് സത്രം- പുല്ലുമേട് പാത വഴി 1,13,403 അയ്യപ്പഭക്തരാണ് ശബരിമല സന്ദർശിച്ചിട്ടുള്ളത്. മണ്ഡല-മകരവിളക്ക് തീർത്ഥാടന കാലത്ത് അയ്യപ്പ ഭക്തർക്ക് വിരി വയ്ക്കുന്നതിനും ഡ്യൂട്ടിയിലുള്ള പോലീസ്, ഫയർഫോഴ്സ്, മറ്റ് വകുപ്പുകളിലെ ഉദ്യോഗസ്ഥർ എന്നിവർക്ക് താമസിക്കുന്നതിനും വിരി വയ്ക്കുന്ന ഭക്തർക്ക് ഭക്ഷണം പാകം ചെയ്ത് നൽകുന്നതിനും നിലവിലുള്ള സ്ഥിരം കെട്ടിടങ്ങൾക്ക് പുറമെ താല്കാലിക ഷെഡുകൾ സ്ഥാപിച്ചിരുന്നു. കൂടാതെ കുടിവെള്ള സൗകര്യം, ബയോ ടോയ്‌ലറ്റ്, നിലവിലുള്ള ടോയ്‌ലറ്റുകൾക്ക് പുറമെ പഞ്ചായത്തിന്റെ സഹായത്തോടെ ഇരുപത് അധിക ടോയ്‌ലറ്റുകൾ, പാർക്കിംഗിനുള്ള സൗകര്യം എന്നിവയും ഒരുക്കിയിരുന്നു. കൂടാതെ ഭക്തർക്ക് കുളിക്കുന്നതിന് തോട് വൃത്തിയാക്കി തടയണ നിർമ്മിച്ചു, അപകടങ്ങൾ ഒഴിവാക്കുന്നതിന് ആവശ്യമായ സ്ഥലങ്ങളിൽ ബാരിക്കേട്ടുകൾ സ്ഥാപിക്കുകയും കയർ കെട്ടി തിരിക്കുകയും ചെയ്തു. വനം വകുപ്പിന്റെ നേതൃത്വത്തിൽ സത്രം മുതൽ സന്നിധാനം വരെയുള്ള കാനനപാത സഞ്ചാര യോഗ്യമാക്കി വന്യ മൃഗ ശല്യം തടയുന്നതിന് താവളങ്ങളിൽ എലിഫന്റ് സ്ക്വാഡുകളെ നിയോഗിക്കുകയും എലിഫന്റ് പ്രൂഫ് ട്രഞ്ചുകളുടെ നവീകരിക്കുകയും, ദിശാ സൂചികകളും ബാനറുകളും സ്ഥാപിക്കുകയും ഇൻഫർമേഷൻ സെന്ററുകൾ സ്ഥാപിക്കുകയും അപകടകരമായ മരങ്ങൾ മുറിച്ച് മാറ്റുകയും പുല്ലുമേട്, കഴുതക്കുഴി എന്നിവിടങ്ങളിൽ ഭക്ഷണ സൗകര്യം ഉൾപ്പെടെയുള്ള അടിസ്ഥാന |

| | | | |
|---|---|---|---|
| | | | സൗകര്യങ്ങൾ ഒരുക്കുകയും ചെയ്തിരുന്നു. കാനനപാതയിലൂടെയുള്ള തീർത്ഥായാത്ര സുരക്ഷിതവും സുഗമവുമാക്കുക എന്ന ലക്ഷ്യത്തോടെ അയ്യൻ ആപ്പ് എന്ന പേരിൽ ഒരു ആൻഡ്രോയിഡ് ആപ്ലിക്കേഷൻ വഴി ഭക്തർക്ക് ശബരിമലയുമായി ബന്ധപ്പെട്ട വാർത്തകളും അലെർട്ട് മെസ്സേജുകളും മറ്റും നൽകുന്നതിനുള്ള സൗകര്യവും വനം വകുപ്പ് ഒരുക്കിയിരുന്നു. കൂടാതെ തീർത്ഥാടകർക്ക് തൽസമയ ബുക്കിംഗ് നടത്തുന്നതിനുള്ള കൗണ്ടറും സത്രത്തിൽ സജ്ജമാക്കിയിരുന്നു. |
| (ബി) | ഈ വർഷത്തെ ശബരിമല മകരവിളക്ക് ഉത്സവത്തോടനുബന്ധിച്ച് എത്ര അയ്യപ്പ ഭക്തരാണ് സത്രം- പുല്ലുമേട് വഴി ശബരിമലയിലേക്ക് എത്തിയതെന്നും അവർക്കുവേണ്ടി എന്തൊക്കെ സൗകര്യങ്ങളാണ് ഏർപ്പെടുത്തിയതെന്നും വിശദമാക്കാമോ; | (ബി) | ശബരിമല ഇടത്താവളമായ സത്രം പെരിയാർ കടുവാ സങ്കേതത്തിനോട് ചേർന്ന് സ്ഥിതി ചെയ്യുന്നതാണ് എന്നതിനാൽ മണ്ഡല-മകരവിളക്ക് തീർത്ഥാടന കാലത്ത് മാത്രമാണ് ധാരാളം തീർത്ഥാടകർ ഇവിടെ വിരിവച്ച് കടന്നു പോകുന്നത്. 2024-25 മണ്ഡല-മകരവിളക്ക് തീർത്ഥാടന കാലത്ത് സത്രം- പുല്ലുമേട് പാത വഴി 1,13,403 അയ്യപ്പഭക്തരാണ് ശബരിമല സന്ദർശിച്ചിട്ടുള്ളത്. മണ്ഡല-മകരവിളക്ക് തീർത്ഥാടന കാലത്ത് അയ്യപ്പ ഭക്തർക്ക് വിരി വയ്ക്കുന്നതിനും ഡ്യൂട്ടിയിലുള്ള പോലീസ്, ഫയർഫോഴ്സ്, മറ്റ് വകുപ്പുകളിലെ ഉദ്യോഗസ്ഥർ എന്നിവർക്ക് താമസിക്കുന്നതിനും വിരി വയ്ക്കുന്ന ഭക്തർക്ക് ഭക്ഷണം പാകം ചെയ്ത് നൽകുന്നതിനും നിലവിലുള്ള സ്ഥിരം കെട്ടിടങ്ങൾക്ക് പുറമെ താല്കാലിക ഷെഡുകൾ സ്ഥാപിച്ചിരുന്നു. കൂടാതെ കുടിവെള്ള സൗകര്യം, ബയോ ടോയ്ലറ്റ്, നിലവിലുള്ള ടോയ്ലറ്റുകൾക്ക് പുറമെ പഞ്ചായത്തിന്റെ സഹായത്തോടെ ഇരുപത് അധിക ടോയ്ലറ്റുകൾ, പാർക്കിംഗിനുള്ള സൗകര്യം എന്നിവയും ഒരുക്കിയിരുന്നു. കൂടാതെ ഭക്തർക്ക് കുളിക്കുന്നതിന് തോട് വൃത്തിയാക്കി തടയണ നിർമ്മിച്ചു, അപകടങ്ങൾ ഒഴിവാക്കുന്നതിന് ആവശ്യമായ സ്ഥലങ്ങളിൽ ബാരിക്കേഡുകൾ സ്ഥാപിക്കുകയും കയർ കെട്ടി തിരിക്കുകയും ചെയ്തു. വനം വകുപ്പിന്റെ നേതൃത്വത്തിൽ സത്രം മുതൽ സന്നിധാനം വരെയുള്ള കാനനപാത സഞ്ചാര യോഗ്യമാക്കി വന്യ മൃഗ ശല്യം തടയുന്നതിന് താവളങ്ങളിൽ എലിഫന്റ് സ്ക്വാഡുകളെ നിയോഗിക്കുകയും എലിഫന്റ് പ്രൂഫ് ട്രഞ്ചുകളുടെ നവീകരിക്കുകയും, ദിശാ സൂചികകളും ബാനറുകളും സ്ഥാപിക്കുകയും ഇൻഫർമേഷൻ സെന്ററുകൾ സ്ഥാപിക്കുകയും അപകടകരമായ മരങ്ങൾ മുറിച്ച് മാറ്റുകയും പുല്ലുമേട്, കഴുതക്കുഴി എന്നിവിടങ്ങളിൽ ഭക്ഷണ സൗകര്യം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയും ചെയ്തിരുന്നു. കാനനപാതയിലൂടെയുള്ള തീർത്ഥായാത്ര സുരക്ഷിതവും സുഗമവുമാക്കുക എന്ന ലക്ഷ്യത്തോടെ അയ്യൻ ആപ്പ് എന്ന പേരിൽ ഒരു ആൻഡ്രോയിഡ് |

| | | | |
|---|---|---|---|
| | | | ആപ്ലിക്കേഷൻ വഴി ഭക്തർക്ക് ശബരിമലയുമായി ബന്ധപ്പെട്ട വാർത്തകളും അലെർട്ട് മെസ്സേജുകളും മറ്റും നൽകുന്നതിനുള്ള സൗകര്യവും വനം വകുപ്പ് ഒരുക്കിയിരുന്നു. കൂടാതെ തീർത്ഥാടകർക്ക് തൽസമയ ബുക്കിംഗ് നടത്തുന്നതിനുള്ള കൗണ്ടറും സത്രത്തിൽ സജ്ജമാക്കിയിരുന്നു. |
| (സി) | സത്രത്തിലെ പാർക്കിംഗ് ഗ്രൗണ്ടിന്റെയും ശുചിമുറികളുടെയും സൗകര്യം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (സി) | ഭക്തരുടെ തിരക്ക് വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ കൂടുതൽ ബയോ ടോയ്‌ലറ്റ് സൗകര്യം കൂടുതൽ പാർക്കിംഗ് സൗകര്യം എന്നിവ ഒരുക്കാവുന്നതാണെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. |
| (ഡി) | ഭക്തന്മാരുടെ എണ്ണം വർദ്ധിക്കുന്ന സാഹചര്യത്തിൽ വള്ളക്കടവ് -കോഴിക്കാനം-പുല്ലുമേട് വഴി ശബരിമലയിലേക്കുള്ള പാത ഭക്തർക്ക് തുറന്ന് കൊടുക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (ഡി) | പുല്ലുമേട് ദുരന്തവുമായി ബന്ധപ്പെട്ട് ബഹു. കേരള ഹൈക്കോടതിയുടെ DBP 70/2009 കേസിലെ 06/07/2011-ലെ ഉത്തരവ് പ്രകാരമാണ് കോഴിക്കാനം നാലാം മൈൽ - പുല്ലുമേട് പാതയിലെ ഗതാഗതം നിരോധിച്ചിട്ടുള്ളത്. കൂടാതെ ശബരിമല മാസ്റ്റർപ്ലാൻ പ്രകാരം നാലാം മൈൽ - ഉപ്പുപാറ പാതയ്ക്ക് പകരം സത്രം - ഉപ്പുപാറ - സന്നിധാനം പാത ഉപയോഗിക്കുന്നതിന് നിർദ്ദേശമുള്ളതാണ്. |
| (ഇ) | പ്രസ്തുത പാത തുറന്നുകൊടുക്കുന്നതിന് വനം വകുപ്പിൽ നിന്നും എന്തെങ്കിലും തടസ്സങ്ങൾ നേരിടുന്നുണ്ടോ; വിശദമാക്കാമോ? | (ഇ) | പുല്ലുമേട് ദുരന്തവുമായി ബന്ധപ്പെട്ട് ബഹു. കേരള ഹൈക്കോടതിയുടെ DBP 70/2009 കേസിലെ 06/07/2011-ലെ ഉത്തരവ് പ്രകാരമാണ് കോഴിക്കാനം നാലാം മൈൽ - പുല്ലുമേട് പാതയിലെ ഗതാഗതം നിരോധിച്ചിട്ടുള്ളത്. കൂടാതെ ശബരിമല മാസ്റ്റർപ്ലാൻ പ്രകാരം നാലാം മൈൽ - ഉപ്പുപാറ പാതയ്ക്ക് പകരം സത്രം - ഉപ്പുപാറ - സന്നിധാനം പാത ഉപയോഗിക്കുന്നതിന് നിർദ്ദേശമുള്ളതാണ്. |

സെക്ഷൻ ഓഫീസർ